**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3454** **08-10-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ഹയർ സെക്കൻഡറി സ്കൂൾ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2026-27 അധ്യയന വർഷം പുതിയ ഹയർ സെക്കൻഡറി സ്കൂൾ, ബാച്ച് എന്നിവ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറിയായി ഉയർത്തുന്നതും അധിക ബാച്ചുകൾ അനുവദിക്കുന്നതും പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത കൂടി പരിഗണിച്ചാണ്. 2026-27 അധ്യയന വർഷത്തിലെ ഹയർ സെക്കണ്ടറി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ എല്ലാ മേഖല ഉപമേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ, അഭിപ്രായം എന്നിവ പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിശോദിക്കുന്നതാണ്. |
| (ബി) | കാസർകോട് ജില്ലയിൽ സർക്കാർ മേഖലയിൽ പുതിയ ഹയർ സെക്കൻഡറി സ്കൂൾ, ബാച്ച് എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കഴിഞ്ഞ അക്കാദമിക വർഷത്തിൽ, കാസർകോഡ് ജില്ലയിൽ 18 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക താത്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് .പുതിയ ഹയർസെക്കണ്ടറി സ്കൂൾ / അധിക ബാച്ചുകൾ അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ